**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 137** **30-06-2026-ൽ മറുപടിയ്ക്ക്**

**കാർഷികമേഖല ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീ. വി. ടി. സൂരജ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാർഷികോല്പാദനം കാര്യക്ഷമമാക്കുന്നതിനും കൃഷി ചെലവ് കുറയ്ക്കുന്നതിനും യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

**മറുപടി:** കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം, വർധിച്ചുവരുന്ന കൃഷിച്ചെലവ്, കാർഷിക പ്രവർത്തനങ്ങളുടെ സമയബന്ധിത നിർവഹണത്തിലെ വെല്ലുവിളികൾ എന്നിവ പരിഹരിച്ച് കാർഷിക ഉൽപാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കാർഷിക യന്ത്രവൽക്കരണം വ്യാപകമായി പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതികളുടെ ഭാഗമായി ആധുനിക കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതിനും യന്ത്രാധിഷ്ഠിത കൃഷിരീതികളും നൂതന കാർഷിക സാങ്കേതികവിദ്യകളും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2026-27 വർഷത്തിൽ സാധ്യമായ എല്ലാ വിളകളിലും വളർന്നുവരുന്ന സാങ്കേതിക വിദ്യകളായ എ.ഐ, ഡ്രോൺ അധിഷ്ഠിത ആപ്ലിക്കേഷനുകൾ, ഐ.ഒ.റ്റി ഉപകരണങ്ങൾ, സെൻസറുകൾ, സ്മാർട്ട് ജലസേചന സംവിധാനങ്ങൾ, കൃത്യതാ കൃഷി ഉപകരണങ്ങൾ, ഡിജിറ്റൽ അധിഷ്ഠിത തീരുമാന പിന്തുണാ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായ വിഭവ ഉപയോഗത്തിനും, കീടരോഗ നിരീക്ഷണത്തിനും ഉൽപ്പാദനക്ഷമത കുറയ്ക്കുന്നതിനും കാലാവസ്ഥ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമായി സാങ്കേതികവിദ്യ അധിഷ്ഠിത കൃഷി എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് പുതുക്കിയ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് കഴിഞ്ഞ എട്ട് വർഷമായി നടപ്പിലാക്കി വരുന്ന പ്രധാന കാർഷിക യന്ത്രവൽക്കരണ പദ്ധതികളിലൊന്നാണ് സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM). 60:40 എന്ന അനുപാതത്തിലാണ് ഈ കേന്ദ്ര-സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നത്. ചെറുകിട-നാമമാത്ര കർഷകരിലേക്കും യന്ത്രവൽക്കരണം എത്തിക്കുക, കാർഷിക യന്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക, കസ്റ്റം ഹയറിംഗ് സെന്ററുകൾ (CHCs), ഫാം മെഷിനറി ബാങ്കുകൾ (FMBs) തുടങ്ങി കൂട്ടായ്മാടിസ്ഥാനത്തിലുള്ള യന്ത്രസേവന സംവിധാനങ്ങൾ വികസിപ്പിക്കുക. വനിതാ കർഷകർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവർക്ക് യന്ത്രവൽക്കരണത്തിന്റെ പ്രയോജനം

ഉറപ്പാക്കുക, കിസാൻ ഡ്രോൺ ഉൾപ്പെടെയുള്ള കൃത്യതാ കാർഷിക സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിച്ച് കാർഷിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സമയബന്ധിതവും ആക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ഈ പദ്ധതിയിലൂടെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും, കർഷകരുടെ കൂട്ടായ്മകൾ, സ്വയം സഹായ സംഘങ്ങൾ, കർഷക ഉത്പാദക സംഘടനകൾ (FPO), വ്യക്തികൾ, തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 30 ലക്ഷം രൂപ വരെയുള്ള പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 24 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം അനുവദിക്കുന്നു. കൂടാതെ FRA പട്ടയുള്ള ഗുണഭോക്താക്കൾക്ക് എല്ലാ കാറ്റഗറികളിലും 90% വരെ ആനുകൂല്യങ്ങൾ ലഭ്യമാണ്.

2018-19 മുതൽ 2025-26 വരെയുള്ള കാലയളവിൽ സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഉടമസ്ഥതയിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 1,49,411 കർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ, 15 കസ്റ്റം ഹയറിംഗ് സെന്ററുകളും (Custom Hiring Centres) 1,562 ഫാം മെഷിനറി ബാങ്കുകൾ/കമ്മ്യൂണിറ്റി മെക്കനൈസേഷൻ യൂണിറ്റുകളും സ്ഥാപിച്ച് ചെറുകിട, നാമമാത്ര കർഷകർക്ക് കുറഞ്ഞ നിരക്കിൽ യന്ത്രസേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ പദ്ധതിയിലൂടെ ആകെ 517.59 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

കർഷകർക്ക് സമയബന്ധിതവും ചെലവുകുറഞ്ഞതുമായ യന്ത്രവൽകൃത കാർഷിക സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന വാർഷിക പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തലത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും 2021-22 മുതൽ ഇവ കൃഷിശ്രീ സെന്ററുകളായി പ്രവർത്തനം വിപുലീകരിക്കുകയും ചെയ്തു. നിലവിൽ സംസ്ഥാനത്ത് 99 കാർഷിക സേവന കേന്ദ്രങ്ങളും 35 കൃഷിശ്രീ സെന്ററുകളും 365 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചുവരുന്നു. ഇവയിലൂടെ സേവനദാതാക്കളുടെ സഹായത്തോടെ നിലമൊരുക്കൽ, നടീൽ, വിളപരിപാലനം, സ്പ്രേയിംഗ്, കൊയ്ത്ത് തുടങ്ങിയ യന്ത്രവൽകൃത കാർഷിക സേവനങ്ങൾ ലഭ്യമാക്കുന്നു. ഇതിനായി വിവിധ സർക്കാർ പദ്ധതികളിലൂടെ ലഭ്യമാക്കിയ ട്രാക്ടറുകൾ, പവർ ടില്ലറുകൾ, ട്രാൻസ്പ്ലാന്ററുകൾ, കൊയ്ത്ത് യന്ത്രങ്ങൾ ഉൾപ്പെടെ 6025 കാർഷിക യന്ത്രങ്ങൾ സേവനത്തിനായി വിന്യസിച്ചിട്ടുണ്ട്.

ഈ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും കാർഷിക യന്ത്രങ്ങളുടെ ഉപയോഗം, പരിപാലനം, സംരക്ഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനുമായി കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ (KSAMM) 2018-ൽ രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ നേതൃത്വത്തിൽ 'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം (KYKS)', 'കാർഷിക യന്ത്രം സർവം ചലിതം' തുടങ്ങിയ പദ്ധതികളിലൂടെ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയും പുനരുജ്ജീവനവും നടപ്പിലാക്കിവരുന്നു. 2025-26 വരെ KYKS മുഖേന 2,254 യന്ത്രങ്ങളും സംസ്ഥാനതല ക്യാമ്പുകളിലൂടെ 2,353 യന്ത്രങ്ങളും പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മസേനകൾ, കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുള്ള മാന്വലുകൾ തയ്യാറാക്കി നടപ്പിലാക്കുകയും, സേവനദാതാക്കൾക്ക് വിവിധ നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും കഴിഞ്ഞ എട്ട് വർഷത്തിനിടെ 2,202 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

ഇത്തരം പദ്ധതികളുടെയും ഇടപെടലുകളുടെയും ഫലമായി സംസ്ഥാനത്ത് കാർഷിക യന്ത്രവൽക്കരണത്തിന്റെ വ്യാപനം ഗണ്യമായി വർധിക്കുകയും, കർഷകർക്ക് സമയബന്ധിതവും

ചെലവുകുറഞ്ഞതുമായ യന്ത്രസേവനങ്ങൾ ലഭ്യമാകുകയും കാർഷിക ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന് സഹായകമാവുകയും ചെയ്തിട്ടുണ്ട്.

**(ബി)** കൃഷിയുടെ വൈവിധ്യവത്കരണത്തിനും ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളും ആനുകൂല്യങ്ങളുമാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

**മറുപടി:** കർഷകന്റെ വരുമാനവർധനവിന് സഹായിക്കുന്ന കൃഷിയുടെ വൈവിധ്യവൽക്കരണത്തിനും ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി നിരവധി പദ്ധതികളും ആനുകൂല്യങ്ങളും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പ്രധാന വിളകളായ നെല്ല്, പച്ചക്കറികൾ, നാളികേരം എന്നിവയ്ക്ക് സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ കർഷകന് നൽകുന്നതിനോടൊപ്പം കൃഷിയിടത്തിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കുന്നതിനായി **കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന സമീപന പദ്ധതി (Farm Plan based Production Program)** 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിത്തുടങ്ങി. ഏതെങ്കിലും ഒരു വിളയെ മാത്രം കണക്കിലെടുക്കാതെ ഓരോ കൃഷിയിടത്തിനും യോജിച്ച വിളകളുടെ സംയോജനം അഥവാ വൈവിധ്യവൽക്കരണം കണക്കിലെടുത്ത് ഭാവിയിൽ കൂടുതൽ വരുമാനം നേടത്തക്ക തരത്തിൽ മാതൃക കൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി സംയോജനത്തിലൂടെ സാമ്പത്തിക സഹായം നൽകിവരുന്നു. കൃഷി, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ പോലെയുള്ള സംരംഭങ്ങളെ പദ്ധതിയിലൂടെ പ്രോത്സാഹിപ്പിച്ചു. കൃഷിയിടാധിഷ്ഠിത ആസൂത്രണ പരിപാടിയുടെ ഭാഗമായി ആരംഭിച്ച കർഷക ഉൽപാദക സംഘടനകൾക്ക് (Farmer Producer Organization) പദ്ധതിയധിഷ്ഠിതമായി 5 ലക്ഷം രൂപ വരെ ധനസഹായമായി നൽകുന്നു. കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദക തലത്തിലുള്ള സംഭരണം (Aggregation) നടത്തുന്നതിന് കർഷകരുടെ സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും (Hubs) അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി ആവശ്യാധിഷ്ഠിതമായി 2 ലക്ഷം രൂപ വരെ നൽകി വരുന്നു.

സമ്മിശ്രകൃഷി (Mixed Cropping), ഇടവിളക്കൃഷി (Inter Cropping), വിള പരിക്രമണം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ **'വിള അവതരണം വൈവിധ്യവൽക്കരണം, വിളതീവ്രത വർധിപ്പിക്കൽ'** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ വിള വിസ്തൃതി വർധനവിനായി പയർവർഗ്ഗ കൃഷിയ്ക്ക് ഹെക്ടറിന് 15,000/- രൂപയും, ചെറുധാന്യ കൃഷിയ്ക്ക് (Millets) ഹെക്ടറിന് 20,000/- രൂപയും, എള്ള് കൃഷിയ്ക്ക് ഹെക്ടറിന് 10,000/- രൂപയും കർഷകർക്ക് സബ്സിഡിയായി നൽകി വരുന്നു.

ആധുനിക കാർഷിക സാങ്കേതിക വിദ്യകളായ കൃത്യതാ കൃഷി (പ്രിസിഷൻ ഫാമിംഗ്), പോളിഹൗസ് കൃഷി, ഹൈഡ്രോപോണിക്സ് തുടങ്ങിയവ പ്രോത്സാഹിപ്പിക്കുവാനുമായി കൃഷി വകുപ്പിൻ്റെ പദ്ധതികളിലും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികളിലും തുക വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ ആത്മ (ATMA), RKVY, PMKSY പദ്ധതികളിലൂടെയും നവീന കാർഷിക മുറകൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കേന്ദ്ര- സംസ്ഥാന പദ്ധതിയായ SMAM (സബ് മിഷൻ അഗ്രികൾച്ചർ മെക്കനൈസേഷൻ) വഴി നവീന കാർഷിക വിദ്യകൾക്ക് പ്രയോജനപ്പെടുന്ന ഡ്രോൺ അടക്കമുള്ള ഉപകരണങ്ങൾക്ക് പിന്തുണ നൽകി വരുന്നു. കർഷകരുടെ കൂട്ടായ്മകൾ, SHG-കൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ (CHCs), ഫാം മെഷിനറി ബാങ്കുകൾ (FMBs) തുടങ്ങിയവർക്ക് പരമാവധി സബ്സിഡിയായി പദ്ധതി തുകയുടെ 80% വരെയുള്ള നിരക്കിൽ ഡ്രോണുകൾ അനുവദിക്കുന്നുണ്ട്.

നെൽകൃഷി വികസനം' എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഡ്രോണുകൾ ഉപയോഗിച്ചുള്ള സൂക്ഷ്മ മൂലകങ്ങളുടെ (Foliar Application of Micro nutrients and nano fertilizers) പത്രപോഷണം നടത്തുന്നതിന് ഹെക്ടറിന് 2,000/- രൂപ ആനുകൂല്യമായി നൽകുന്നുണ്ട്.

പച്ചക്കറി വിളകളുടെ കൃത്യതാ കൃഷിയ്ക്കായി പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറില ഒരുലക്ഷം രൂപ ആനുകൂല്യം നൽകി വരുന്നു.

നവീന ജലസേചനരീതികളായ കണിക ജലസേചനം, സ്പ്രിംഗ്ലർ ജലസേചനം എന്നിവ കൃഷിയിടത്തിൽ സ്ഥാപിക്കുന്നതിന് കർഷകർക്ക് അംഗീകൃത തുകയുടെ 55% വരെ ധനസഹായം പെർ ഡ്രോപ്പ് മോർ ക്രോപ്പ് (PDMC) എന്ന കേന്ദ്ര-സംസ്ഥാന പദ്ധതിയിലൂടെ നൽകുന്നുണ്ട്.

പച്ചക്കറികളുടെയും പുഷ്പവിളകളുടെയും ഹൈടെക് കൃഷി സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന് ഇൻഡോ ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായി ഒരു മികവിൻ്റെ കേന്ദ്രം (Centre for Excellence) വയനാട് ജില്ലയിൽ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സ്ഥാപിതമായിട്ടുണ്ട്.

പഴവർഗ്ഗ വിളകൾക്കും, വാണിജ്യ ഔഷധ സസ്യക്കൃഷിയ്ക്കും പ്രോത്സാഹനം നൽകി വരുന്നു. 'ഫ്രൂട്ട് ക്ലസ്റ്ററുകൾ' സ്ഥാപിക്കുന്നതിനായി ആകെയുള്ള ചെലവിന്റെ 60 ശതമാനം സാമ്പത്തിക സഹായമായോ വിവിധ ഉൽപാദനോപാധികളായോ ആവശ്യാധിഷ്ഠിതമായി കർഷകർക്ക് നൽകുന്നു. ഔഷധ സസ്യങ്ങളുടെ ക്ലസ്റ്റർ അടിസ്ഥാനമായുള്ള കൃഷിയ്ക്ക് ഹെക്ടറിന് 1.25 ലക്ഷം ആനുകൂല്യമായി നൽകുന്നു. 'ഫ്ലോറി വില്ലേജുകൾ' സ്ഥാപിക്കുന്നതിനായി ഉൽപാദനോപാധികളുടെ ആകെ ചെലവിന്റെ 75 ശതമാനവും (SC/ST വിഭാഗത്തിൽപ്പെട്ട കർഷകർക്ക് 100 ശതമാനം) കൃഷി ചെലവിന്റെ 50 ശതമാനവും സാമ്പത്തിക സഹായമായി നൽകി വരുന്നു.

കർഷകന് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർധന, വാണിജ്യവൽക്കരണം എന്നിവ ഉൾപ്പെട്ട 'ദ്വിതീയ കൃഷിയുടെ' (Secondary Agriculture) കാലികപ്രാധാന്യം കണക്കിലെടുത്ത് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

എല്ലാ കാർഷികോൽപന്നങ്ങളുടെയും മൂല്യവർധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയായ സൂക്ഷ്മ-ചെറുകിട ഇടത്തരം മൂല്യവർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി എസ്.എഫ്.എ.സി. (Small Farmer Agri Business Consortium) മുഖേന നടപ്പാക്കിവരുന്നു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർധിത ഉൽപന്ന നിർമ്മാണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ **മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH)** പദ്ധതിയിൽ ഉൾപ്പെടുത്തി ഹോർട്ടികൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും, ഉൽപാദന വർധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ, നിലവിലുള്ള കൃഷിത്തോട്ടങ്ങളുടെ പുനരുജ്ജീവനം, ആധുനിക ജലസേചന സൗകര്യങ്ങളൊരുക്കൽ, സംയോജിത സസ്യസംരക്ഷണ മുറകൾ നടപ്പിലാക്കൽ, സംരക്ഷിത കൃഷി നടപ്പിലാക്കൽ (Protected cultivation), ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ, ഉൽപന്നങ്ങളുടെ വിളവെടുപ്പാനന്തരപരിപാലനം, ഹോർട്ടികൾച്ചർമേഖലയിലെ യന്ത്രവൽക്കരണം, ഉൽപന്നങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഗ്രേഡിംഗ്, പാക്കിങ് പോലെയുള്ളവയ്ക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കൽ ഗ്രാമീണ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ, മാനവശേഷി വികസനഘടകങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. ഹോർട്ടികൾച്ചർ വിളകളുടെ വിസ്തൃതി വ്യാപനത്തിനായി MIDH സബ്സിഡി മാനദണ്ഡങ്ങളിൽ നിശ്ചയിച്ച ആകെ തുകയുടെ (Unit cost) 40

മുതൽ 50 ശതമാനം വരെയും, പ്രോജക്ട് അധിഷ്ഠിത കൃഷിയ്ക്ക് 30 മുതൽ 40 ശതമാനവും, മൂല്യവർധനവിനും വിപണനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾക്ക് 35 മുതൽ 50 ശതമാനവും ആനുകൂല്യമായി നൽകി വരുന്നു.

**(സി)** കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ലാഭകരമായ വിപണനത്തിനും ബ്രാൻഡിങ്ങിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രി പാർക്കുകൾ, ഫ്രൂട്ട് പാർക്കുകൾ എന്നിവ സ്ഥാപിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി അപ്പക്സ് ബോഡിയായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കാർഷിക ഉൽപന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ (42 എണ്ണം), ഇക്കോ ഷോപ്പുകൾ (521 എണ്ണം), എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ (287 എണ്ണം), ആഴ്ച ചന്തകൾ (979 എണ്ണം), നഗര വഴിയോരച്ചന്തകൾ/ ഗ്രാമച്ചന്തകൾ (60 എണ്ണം), പ്രീമിയം ഔട്ട് ലെറ്റുകൾ (14 എണ്ണം), കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ (15 എണ്ണം) തുടങ്ങിയവ ഉൾപ്പെടുന്ന 1924 മാർക്കറ്റുകളുടെ വിപുലമായ ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപാദന കേന്ദ്രങ്ങളിൽ കർഷകർ ഉൽപാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, ഉൽപന്നങ്ങൾ ദുർലഭമായ നഗര കേന്ദ്രങ്ങൾ ഉൾപ്പടെയുള്ള പ്രദേശങ്ങളിലെ ഉണഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് "Keralagro" എന്ന പേരിൽ ട്രേഡ് മാർക്ക് രജിസ്റ്റർ ചെയ്ത് ഉൽപന്നങ്ങൾക്ക് "കേരളഗ്രോ" ബ്രാൻഡ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ കർഷകർ, കർഷക സംരഭകർ. കൃഷിക്കൂട്ടങ്ങൾ, FPO-കൾ, FPC-കൾ മറ്റ് കർഷക കൂട്ടായ്മകൾ, കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകൾ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവ ഉൽപാദിപ്പിക്കുന്ന ഉണമേന്മയുള്ള മൂല്യവർധിത ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡ് നൽകുന്നതിലൂടെ ഉൽപന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് അവ എത്തിക്കുന്നതിനും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകുന്നു. നിലവിൽ 225 ഉൽപാദകരുടെ 1360 ഉൽപന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ വിപണിയിൽ ലഭ്യമാണ്. കൂടാതെ കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ, മില്ലറ്റ് കഫേ എന്നിവ വഴി കൃഷിക്കാരും FPO-കൾ, FPC-കൾ, PACS, മറ്റു കർഷക ഗ്രൂപ്പുകൾ എന്നിവർ ഉൽപാദിപ്പിക്കുന്ന മൂല്യ വർധിത ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷിക വിഭവങ്ങൾ ന്യായമായ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കാൻ കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി KIIFB സാമ്പത്തിക സഹായത്തോടെ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അഗ്രോ പാർക്കുകളുടെ നടത്തിപ്പിനായി KABCO-യെ Special Purpose Vehicle ആയി (SPV) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2026 മാർച്ചിൽ അഗ്രോ പാർക്കുകൾക്കാവശ്യമായ ഭൂമി KABCO-യ്ക്ക് പാട്ടത്തിന് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്. "ഒരു കൃഷി ഭവൻ ഒരു ഉൽപന്നം" എന്ന ലക്ഷ്യമാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് പരമാവധി

വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 100 കർഷക ഉൽപാദക സംഘടനകൾ (FPO-കൾ) രൂപീകരിച്ചിട്ടുണ്ട്. RKVY പദ്ധതി പ്രകാരം 50 FPO കൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതി പ്രകാരവും FPO-കൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) പദ്ധതി മുഖേന ശീതീകരണ സംഭരണികൾ (75 എണ്ണം), സംഭരണ കേന്ദ്രങ്ങൾ( 173 എണ്ണം), സംസ്കരണ യൂണിറ്റുകൾ (2208 എണ്ണം) തുടങ്ങിയ കാർഷിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ധനസഹായം നൽകിവരുന്നു. ഇതിലൂടെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിനും കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർധനവ് ഉറപ്പാക്കുന്നതിനും സഹായകമാകുന്നു.

കാർഷിക ഉൽപന്നങ്ങൾ ഉണക്കി സൂക്ഷിക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനും ഉള്ള സാങ്കേതിക വിദ്യകളും ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളും കേരള കാർഷിക സർവകലാശാലയുടെ അഗ്രി ബിസിനസ് ഇൻക്യുബേഷൻ സെന്ററിൽ നിന്ന് നൽകിവരുന്നുണ്ട്. കാർഷിക ഉൽപന്നങ്ങൾക്ക് അനുയോജ്യമായ പാക്കിങ്ങും വിപണനസംവിധാനവും ഒരുക്കുന്നതിന്റെ ഭാഗമായി മുംബൈയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങും സംസ്ഥാന കൃഷി വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പിടുകയും അതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും, കർഷകർക്കും, FPO-കൾക്കും കർഷകഗ്രൂപ്പുകൾക്കും, കൃഷിക്കൂട്ടങ്ങൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**